പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2820 18/06/2018-ൽ മറുപടിക്ക്

**അധ്യാപകരുടെ പ്രൊബേഷൻ പൂർത്തിയാക്കാൻ കമ്പ്യൂട്ടർ പരിശീലനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ഇ.കെ. വിജയൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് 45 മണിക്കൂർ കമ്പ്യൂട്ടർ പരിശീലനം വേണമെന്ന നിബന്ധന നിലവിൽ ഡിഗ്രി തലത്തിലോ പി.ജി.തലത്തിലോ കമ്പ്യൂട്ടർ പ്രധാന വിഷയമായോ സബ്സിഡറി വിഷയമായോ ബിരുദം നേടിയവർക്ക് നിർബന്ധമാണോ; വ്യക്തമാക്കാമോ; | (എ) KER Chapter XIV A Rule 6 (a) പ്രകാരം ഇതേ അദ്ധ്യായത്തിലെ റൂൾ 3 പ്രകാരം നിയമിതരായ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ 2 വർഷത്തെ തുടർച്ചയായ സർവീസിനിടയിൽ ഒരു വർഷകാലയളവ് നിരീക്ഷണ കാലമായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവർക്ക് സമാന/ഉയർന്ന യോഗ്യതകളില്ലെങ്കിൽ ഇക്കാലയളവിനുള്ളിൽ 45 മണിക്കൂർ ദൈർഘ്യമുള്ള സർക്കാർ അംഗീകൃത ഹ്രസ്വകാല കമ്പ്യൂട്ടർ കോഴ്സ് പാസാവണമെന്നും റൂളിൽ നിബന്ധനയുണ്ട്.<br>ഡിഗ്രി തലത്തിലോ പി.ജി. തലത്തിലോ കമ്പ്യൂട്ടർ പ്രധാന വിഷയമായോ സബ്സിഡറി വിഷയമായോ ബിരുദം നേടിയവർക്ക് ഈ നിബന്ധന ബാധകമല്ല. |
| (ബി) ഇത്തരത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരെ 45 മണിക്കൂർ ദൈർഘ്യമുള്ള പരിശീലനത്തിൽ നിന്നും ഇളവ് അനുവദിക്കണമെന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; | ബി) ഇല്ല. |
| (സി) എങ്കിൽ ഇത്തരത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരെ 45 മണിക്കൂർ ദൈർഘ്യമുള്ള കമ്പ്യൂട്ടർ പരിശീലനം വേണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?. | (സി) KER Chapter XIV A Rule 6 (a) പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന കമ്പ്യൂട്ടർ കോഴ്സിനു സമാനമായതോ, ഉയർന്നതോ ആയ യോഗ്യതയുള്ളവർക്ക്, നിലവിൽ, ഈ നിബന്ധന ബാധകമല്ല. |

സെക്ഷൻ ഓഫീസർ